**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5297** **31.10.2016-ൽ മറുപടിക്ക്**

**<u>കോടതികളിലെ മാധ്യമ വിലക്ക്</u>**

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ. പാറക്കൽ അബ്ദുല്ല | ശ്രീ.പിണറായി വിജയൻ<br>( മുഖ്യമന്ത്രി) |
| (എ) കോടതിയിൽ മാധ്യമ വിലക്കില്ലെന്ന് മുഖ്യമന്ത്രിയും ഹൈക്കോടതി രജിസ്ട്രാറും വ്യക്തമാക്കുമ്പോഴും കോടതികളിൽ മാധ്യമ പ്രവർത്തകർക്ക് അഭിഭാഷകരിൽ നിന്ന് മർദ്ദനമേൽക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) കോടതിയിൽ നിന്നും മാധ്യമ പ്രവർത്തകരെ ഒരു സംഘം അഭിഭാഷകർ ബലം പ്രയോഗിച്ച് ഇറക്കി വിട്ടതായ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) മുഖ്യമന്ത്രിയും ഹൈക്കോടതി ചീഫ് ജസ്റ്റിസും ഇതു സംബന്ധിച്ച് ചർച്ച നടത്തുകയുണ്ടായോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ;<br><br>(സി) എങ്കിൽ കോടതിയിലെ മാധ്യമ വിലക്ക് പൂർണ്ണമായും നീക്കുന്നതിന് എന്തൊക്കെ നടപടികൾ കൈക്കൊള്ളും; വിശദാംശങ്ങൾ നൽകുമോ; | അഭിഭാഷകരും മാധ്യമപ്രവർത്തകരും തമ്മിലുണ്ടായ സംഘർഷങ്ങൾക്ക് പരിഹാരം കാണുന്നതിലേക്കായി ബഹു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ എറണാകുളം ഗസ്റ്റ് ഹൗസിൽ വച്ച് ചേർന്ന യോഗത്തിലെ തീരുമാനപ്രകാരം അഭിഭാഷകരും മാധ്യമ പ്രവർത്തകരും തമ്മിൽ ഭാവിയിൽ ഉണ്ടായേക്കാവുന്ന സംഘർഷങ്ങൾ തീർപ്പാക്കുന്നതിനായി അഡ്വക്കേറ്റ് ജനറൽ ചെയർമാനായും മാധ്യമ പ്രവർത്തകരുടേയും അഭിഭാഷകരുടേയും പ്രതിനിധികളെ ഉൾപ്പെടുത്തിയും ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്. ഇവർക്കു പുറമെ പോലീസുകാരുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ സംസ്ഥാന പോലീസ് മേധാവിയും ബന്ധപ്പെട്ട ജില്ലയിലെ ജില്ലാ പോലീസ് മേധാവിയും സമിതിയിൽ ഉൾപ്പെടുന്നതാണ്.<br><br>ഇതിനു പുറമെ, മുഖ്യമന്ത്രി അഡ്വക്കേറ്റ് ജനറലിനോടൊപ്പം ബഹു. ഹൈക്കോടതി ചീഫ് ജസ്റ്റിസിനെ നേരിൽ കാണുകയും മാധ്യമ പ്രവർത്തകർക്ക് കോടതികളിൽ പ്രവേശിക്കുന്നതിന് തടസ്സമുണ്ടാവില്ല എന്ന് ഉറപ്പു വരുത്തുകയും ചെയ്തിട്ടുണ്ട്. ഇത്തരം പ്രശ്നങ്ങൾ നിയമം അനുശാസിക്കുന്ന തരത്തിൽ നേരിടുന്നതിന് നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. |

| | |
|---|---|
| (ഡി) ഈ വിഷയവുമായി ബന്ധപ്പെട്ട് ഇതിനകം ഏതെങ്കിലും കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ? | (ഡി) ഉണ്ട്. അഭിഭാഷകരും മാധ്യമപ്രവർത്തകരും തമ്മിലുള്ള പ്രശ്നങ്ങളോടനുബന്ധിച്ച് 14.07.2016-ന് ശേഷം സംസ്ഥാനത്ത് ആകെ 12 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് (തിരുവനന്തപുരം സിറ്റി - 5, ആലപ്പുഴ — 1, കൊച്ചി സിറ്റി - 6). ഇതിൽ 6 എണ്ണം അഭിഭാഷകർ പ്രതികളായിട്ടുള്ളതും 5 എണ്ണം മാധ്യമ പ്രവർത്തകർ പ്രതികളായിട്ടുള്ളതും ഒരെണ്ണം ഇരുകൂട്ടരും പ്രതികളായിട്ടുള്ളതുമാണ്. |

**സെക്ഷൻ ഓഫീസർ**